**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2109** **01-09-2022 - ൽ മറുപടിയ്ക്ക്**

**എരുമേലി ടൗൺഷിപ്പിൽ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി സ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ശബരിമലയുടെ ബേസ് ക്യാമ്പായ എരുമേലിയിൽ തീർത്ഥാടകർക്ക് ആവശ്യമായ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് എരുമേലി ടൗൺഷിപ്പിൽ ഒരു മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി സ്ഥാപിക്കുന്നതിന് മുൻകൈ എടുക്കുമോ; വിശദമാക്കാമോ? | (എ) | നിലവിൽ എരുമേലി സി.എച്ച്.സിയിലാണ് മണ്ഡല-മകര വിളക്ക് കാലഘട്ടത്തിൽ ശബരിമല തീർത്ഥാടകർക്ക് ചികിൽസാ സൗകര്യം ഒരുക്കുന്നത്. മണ്ഡല-മകര വിളക്ക് തീർത്ഥാടന കാലയളവിൽ ജനറൽ മെഡിസിൻ, ജനറൽ സർജറി, ഓർത്തോപീഡിക്സ് എന്നീ വിഭാഗക്കാരെയും മറ്റ് പാരമെഡിക്കൽ ജീവനക്കാരെയും അധികമായി നിയോഗിക്കാറുണ്ട്. ശബരിമലയുടെ ബേസ് ക്യാമ്പ് ആശുപത്രിയായി നിലവിൽ മാസ്റ്റർ പ്ലാൻ പ്രകാരം തീരുമാനിച്ചിട്ടുള്ളത് നിലയ്ക്കൽ ആശുപത്രിയെയാണ്. |

സെക്ഷൻ ഓഫീസർ